LIBRARY ARCHIVES Kerala Legislative Assembly

## കേരളാ സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ ഒഴിവുള്ള തസ്തികകൾ

**108 (4501)** ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 09-12-2009-ലെ കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം നോട്ടിഫിക്കേഷൻ നമ്പർ ഇ/2404/09 പ്രകാരം ഏതെല്ലാം തസ്തികകളിൽ നിയമനം നടത്താനാണ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത തസ്തികകൾ എത്ര നാളായി ഒഴിഞ്ഞു കിടക്കുന്നവയാണെന്ന് വ്യക്തമാക്കുമോ ;

(സി) ധനകാര്യ വകുപ്പിന്റെ ജി.ഒ.(പി) നമ്പർ ഇ 2004/09 തീയതി 9-12-2009 പ്രകാരം ഒരു തസ്തിക ഒരു വർഷവും അതിൽ കൂടുതലും ഒഴിഞ്ഞു കിടന്നാൽ ആ തസ്തിക ഇല്ലാതാകുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ പ്രസ്തുത ജി.ഒ.അനുസരിച്ച് പ്രസ്തുത സ്ഥാപനത്തിലെ ഏതെല്ലാം തസ്തികകളാണ് ഇപ്പോഴും നിലനിൽക്കുന്നതായി കരുതാൻ സാധിക്കുന്നത് ;

(ഇ) നിലവിലില്ലാത്ത തസ്തികകളിൽ നിയമനം നടത്താൻ അപേക്ഷ ക്ഷണിക്കുന്നത് ശരിയാണോ ;

(എഫ്) എങ്കിൽ പ്രസ്തുത നോട്ടിഫിക്കേഷൻ ഇറക്കിയതിനുത്തരവാദി ആരാണ് ; അവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

### ഉത്തരം

(എ) നമ്പർ ഇ/2404/09 നോട്ടിഫിക്കേഷൻ പ്രകാരം താഴെപ്പറയുന്ന തസ്തികകളിലേയ്ക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്.

| തസ്തിക | ഒഴിവ് |
|---|---|
| സയന്റിഫിക് ഓഫീസർ | 2 |
| പ്ലാനറ്റേറിയം ഓപ്പറേറ്റർ | 1 |
| ഫോർമാൻ | 1 |
| എൽ.ഡി. ക്ലാർക്ക് | 3 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 1 |
| റിസപ്ഷനിസ്റ്റ് | 1 |
| തിയേറ്റർ അസിസ്റ്റന്റ് | 1 |
| വർക്ക്ഷോപ്പ് അറ്റൻഡർ | 1 |

| | |
|---|---|
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടു ഡയറക്ടർ | 1 |
| ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് | 2 |
| ജനറൽ ഇലക്ട്രീഷ്യൻ | 1 |
| ഇലക്ട്രോണിക് മെക്കാനിക് | 1 |
| കാർപ്പന്ററി മെക്കാനിക്ക് | 1 |
| വെൽഡർ കം ബ്ലാക്ക് സ്മിത്ത് | 1 |
| ടർണർ | 1 |

(ബി)

| തസ്തിക | ഒഴിവ് | ഒഴിഞ്ഞു കിടന്ന വർഷം |
|---|---|---|
| സയന്റിഫിക് ഓഫീസർ | 2 | 4 |
| പ്ലാനറ്റേറിയം ഓപ്പറേറ്റർ | 1 | 4 |
| ഫോർമാൻ | 1 | 4 |
| എൽ.ഡി. ക്ലാർക്ക് | 3 | 1. 2<br>2. 9 മാസം<br>3. മാർച്ച് 31-ന് ഒഴിവ്വരുന്നത് |
| എൽ.ഡി. ടൈപ്പിസ്റ്റ് | 1 | 2 |
| റിസപ്ഷനിസ്റ്റ് | 1 | 2 |
| തിയേറ്റർ അസിസ്റ്റന്റ് | 1 | 4 |
| വർക്ക്ഷോപ്പ് അറ്റൻഡർ | 1 | 2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടു ഡയറക്ടർ | 1 | 4 |
| ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് | 2 | 4 |
| ജനറൽ ഇലക്ട്രീഷ്യൻ | 1 | 4 |
| ഇലക്ട്രോണിക് മെക്കാനിക് | 1 | 1 ½ |
| കാർപ്പന്ററി മെക്കാനിക്ക് | 1 | 1 |
| വെൽഡർ കം ബ്ലാക്ക് സ്മിത്ത് | 1 | 1 |
| ടർണർ | 1 | 1 |

പ്രസ്തുത തസ്തികകളിൽ ആവശ്യാനുസരണം ദിവസവേതനക്കാരെ വിനിയോഗിച്ച് മ്യൂസിയത്തിന്റെ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) 22-10-2001-ലെ ജി.ഒ.(പി) നം. 1208/2001 ഫിൻ. ഉത്തരവ് പ്രകാരം ഒരു വർഷത്തിലധികം ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഇല്ലാതാകുന്നതാണ്. എന്നാൽ ഇപ്പോൾ നോട്ടിഫൈ ചെയ്ത എല്ലാ തസ്തികകളും 29-08-2005-ലെ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നം. 132/2005/ഉ.വി.വ. പ്രകാരം നിലവിൽ വന്ന സർവീസ് ചട്ടവും അനുബന്ധ ഉത്തരവുകളും പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. അതിനാൽ സൂചനയിലെ ഉത്തരവ് പ്രസ്തുത നിയമന നടപടികൾക്ക് ബാധകമല്ല.

(ഡി) ബാധകമല്ല.

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

### കേരളാ സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ കരാർ ജീവനക്കാർ

109 (4502) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് സയൻസ് & ടെക്നോളജി മ്യൂസിയത്തിലെ തൂപ്പ് ജോലിക്കും ഗാർഡൻ ജോലിക്കും കരാർ വ്യവസ്ഥയിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്; ഓരോന്നിലും എത്രവീതം ;

(ബി) ഇവരുടെ ശമ്പളത്തിൽനിന്നും ഇ.പി.എഫ്. തുക പിടിക്കുന്നുണ്ടോ ; എത്രവർഷമായി പിടിക്കുന്നുണ്ട് എന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുക പ്രസ്തുത ജീവനക്കാരുടെ പേരിൽ ഇ.പി.എഫ്. അക്കൗണ്ടിലാണോ അടച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ജീവനക്കാരുടെ പേരിൽ അക്കൗണ്ട് തുടങ്ങുന്നതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

#### ഉത്തരം

(എ) തൂപ്പുജോലിക്ക് 15 പേരെ കരാർ അടിസ്ഥാനത്തിൽ നിയമച്ചിട്ടുണ്ട്. ഗാർഡൻ ജോലിക്ക് സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് (SIMC) നിന്നും 4 ട്രെയിനികളേയും 2 കെയർടേക്കർമാരേയും നിയമിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഗാർഡൻ ജോലിക്കാരുടെ ഇ.പി.എഫ്. 14-5-2008 മുതലും തൂപ്പു ജോലിക്കാരുടെ ഇ.പി.എഫ്. 1-09-2008 മുതലും പിടിക്കുന്നുണ്ട്.

(സി) അതെ (ഇ.പി.എഫ്. അക്കൗണ്ട് നമ്പർ കെ.ആർ/22772-ൽ അടച്ചു വരുന്നു.

(ഡി) അക്കൗണ്ട് തുടങ്ങുന്ന കാര്യത്തിൽ വീഴ്ച വരുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly